ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 6.30 PM** **DATE: 21-04-2024**

## പ്രധാനവാർത്തകൾ

1. **മൂന്നാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള സമയപരിധി നാളെ അവസാനിക്കും**

2. **സംസ്ഥാനത്ത് തിരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിക്കുന്നു. പരസ്യപ്രചാരണം ബുധനാഴ്ച വരെ.**

3. **കേരളത്തിൽ 81 ശതമാനം മുതിർന്ന പൗരന്മാരും ഭിന്നശേഷിക്കാരും വീട്ടിൽ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ.**

4. **സംസ്ഥാനത്ത് പക്ഷിപ്പനി നേരിടുന്നതിൽ ജാഗ്രതയോടെയുള്ള നടപടികൾ തുടരുമെന്ന് മന്ത്രി ജെ. ചിഞ്ചുറാണി.**

5. **ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിന് ഇന്ന് ആറാട്ടോടെ കൊടിയിറക്കം.**

6. **ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് 223 റൺസ് വിജയലക്ഷ്യം.**

RNU TVPM

$$$$$$$$$$$$$$$$$$

**<u>രണ്ടാം ഘട്ട തെരഞ്ഞെടുപ്പ്</u>**

വെള്ളിയാഴ്ച നടക്കുന്ന രണ്ടാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം പുരോഗമിക്കുന്നു. 13 സംസ്ഥാനങ്ങളിലായി 88 മണ്ഡലങ്ങളിലാണ് വെള്ളിയാഴ്ച വോട്ടെടുപ്പ് നടക്കുക. 1,210 സ്ഥാനാർത്ഥികളാണ് ഈ ഘട്ടത്തിൽ മത്സരരംഗത്തുള്ളത്. കേരളത്തിലെ ഇരുപതും, കർണാടകയിലെ പതിനാലും, രാജസ്ഥാനിൽ പതിമൂന്നും, ഉത്തർപ്രദേശ്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലെ എട്ട് ലോക്സഭാ മണ്ഡലങ്ങളും രണ്ടാം ഘട്ടത്തിൽ വിധിയെഴുതും. ഇതിനു പുറമെ മധ്യപ്രദേശിലെ ഏഴു സീറ്റുകളിലേക്കും, അസം, ബിഹാർ എന്നിവിടങ്ങളിൽ നിന്ന് 5 സീറ്റുകളിലേക്കും, പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിൽ 3 സീറ്റുകളിലേക്കുമുള്ള തിരഞ്ഞെടുപ്പും രണ്ടാം ഘട്ടത്തിലാണ് നടക്കുക.

$$$$$$$$$$$$$$$$$$

**<u>മൂന്നാം ഘട്ടം-തെരഞ്ഞെടുപ്പ്</u>**

രാജ്യത്ത് മൂന്നാം ഘട്ട ലോക്സഭാ തെരഞ്ഞെടുപ്പിന് സ്ഥാനാർത്ഥിത്വം സമയപരിധി നാളെ അവസാനിക്കും. നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്നലെ പൂർത്തിയായിരുന്നു. മൂന്നാം ഘട്ടത്തിൽ 10 സംസ്ഥാനങ്ങളിലെയും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 94 പാർലമെൻറ് സീറ്റുകളിലേക്കാണ് വോട്ടെടുപ്പ് നടക്കുക. മെയ് ഏഴിനാണ് വോട്ടെടുപ്പ്.

$$$$$$$$$$$$$$$$$$

RJU TVPM

**സഞ്ജയ് കൗൾ- സവിശേഷ ആപ്പ്**

സംസ്ഥാനത്ത് ലോക്സഭ തിരഞ്ഞെടുപ്പിൽ ആൾമാറാട്ടം തടയുന്നതിനും സുതാര്യത ഉറപ്പുവരുത്താനും പോളിങ് ഉദ്യോഗസ്ഥർക്കായി ആപ്പ് തയ്യാറാക്കിയതായി മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. 'എ എസ് ഡി മോണിട്ടർ സിഇഒ കേരള' എന്ന ആപ്പാണ് എൻഐസി കേരളയുടെ സഹായത്തോടെ സംസ്ഥാനത്തിന് മാത്രമായി വികസിപ്പിച്ചെടുത്തത്. ഈ ആപ്പ് വഴി ഒരു വോട്ടർ ഒന്നിലധികം വോട്ട് ചെയ്യുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ കഴിയും.

$$$$$$$$$$$$$$$$$$

**പി. ചിദംബരം.**

ഐഎൻ ഡി ഐ മുന്നണി അധികാരത്തിലെത്തിയാൽ പൗരത്വ ഭേദഗതി നിയമം റദ്ദാക്കുമെന്ന് കോൺഗ്രസ് പ്രവർത്തക സമിതിയംഗവും പ്രകടന പത്രിക രൂപീകരണ സമിതി ചെയർമാനുമായ പി. ചിദംബരം. പൗരത്വ നിയമ ഭേദഗതിയെക്കുറിച്ച് പ്രകടന പത്രികയിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും ഇക്കാര്യത്തിൽ കോൺഗ്രസിന്റെ നിലപാടിനെ തെറ്റിദ്ധരിപ്പിക്കുന്ന പ്രചാരണമാണ് സിപിഎം നടത്തുന്നതെന്നും ശ്രീ. ചിദംബരം പറഞ്ഞു. കെപിസിസി മാധ്യമസമിതിയുടെ മുഖാമുഖം പരമ്പരയിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

RIJU TVPM

$$$$$$$$$$$$$$$$$$

**സീതാറാം യെച്ചൂരി**

ഇ ഡി അറസ്റ്റിനെ ചൊല്ലി മുഖ്യമന്ത്രി പിണറായി വിജയനെതിരെയുള്ള കോൺഗ്രസ് നിലപാട് അപലപനീയമാണെന്ന് സിപി ഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി. അറസ്റ്റിനെ സിപിഐഎം

ഭയക്കുന്നില്ലെന്നും അടിയന്തരാവസ്ഥക്കാലത്ത് ഉൾപ്പെടെ പിണറായി വിജയൻ ജയിൽവാസം അനുഭവിച്ചിട്ടുണ്ടെന്നും ശ്രീ യെച്ചൂരി പറഞ്ഞു. തിരുവനന്തപുരം ലോക്സഭാ മണ്ഡലം എൽ ഡി എഫ് സ്ഥാനാർത്ഥി പന്ന്യൻ രവീന്ദ്രന്റെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

$$$$$$$$$$$$$$$$$$

**കേന്ദ്രമന്ത്രി വി. കെ സിംങ്**

ആഗോളതലത്തിൽ മറ്റ് രാജ്യങ്ങൾക്ക് ഇന്ത്യ പ്രതീക്ഷ നൽകുന്നതായി കേന്ദ്ര സഹമന്ത്രി വി. കെ സിംങ്. മലപ്പുറം എടവണ്ണപാറയിൽ എൻ ഡി എ സ്ഥാനാർത്ഥി കെ അബ്ദുൾ സലാമിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ബി ജെ പിക്ക് അനുകൂല സാഹചര്യമാണുള്ളതെന്നും ശ്രീ വി. കെ സിംങ് അഭിപ്രായപ്പെട്ടു.

$$$$$$$$$$$$$$$$$$

**ലക്ഷദ്വീപ് (ഇൻട്രോ)**

ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടന്ന ലക്ഷദ്വീപ് ലോക്സഭാ മണ്ഡലം ഇത്തവണയും വലിയ ജനപങ്കാളിത്തത്തിനാണ് സാക്ഷ്യം വഹിച്ചത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം (വോയിസ്)***

$$$$$$$$$$$$$$$$$$

**മുഖ്യമന്ത്രി പിണറായി വിജയൻ**

രാജ്യത്തിന്റെ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള അവസരമായാണ് ജനം ലോക്സഭാ തെരഞ്ഞെടുപ്പിനെ കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. മതനിരപേക്ഷത, ജനാധിപത്യം,

RNU TVPM

സ്വാതന്ത്ര്യം, ഭരണഘടന എന്നിവ സംരക്ഷിക്കപ്പെടണമെങ്കിൽ രാജ്യത്ത് ഭരണമാറ്റം അനിവാര്യമാണെന്ന് ജനങ്ങൾ തിരിച്ചറിയുന്നുണ്ടെന്നും മുഖ്യമന്ത്രി കാസർകോട് വാർത്താസമ്മേളനത്തിൽ പറഞ്ഞു.

**$$$$$$$$$$$$$$$$$**

**വീട്ടിൽ വോട്ട്**

സംസ്ഥാനത്ത് മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിക്കാർക്കും വീട്ടിൽതന്നെ വോട്ട് ചെയ്യുന്നതിന് ഒരുക്കിയിട്ടുള്ള വീട്ടിൽ വോട്ട് പ്രക്രിയയ്ക്ക് അപേക്ഷിച്ചവരിൽ 81 ശതമാനം പേർ വോട്ട് രേഖപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു. സംസ്ഥാനത്ത് ഇതുവരെ ഒരു ലക്ഷത്തി 42,799 പേർ വീട്ടിൽ വോട്ട് ചെയ്തു. 85 വയസ്സിൽ കൂടുതൽ പ്രായമുള്ള ഒരു ലക്ഷത്തി 2,285 പേരും ഭിന്നശേഷിക്കാരായ 40,514 പേരും ഇതിൽപ്പെടുന്നു. ഈ മാസം 25 വരെ വീട്ടിൽ വോട്ട് തുടരും.

**$$$$$$$$$$$$$$$$$**

**തിരഞ്ഞെടുപ്പ് - ബി ജെ പി**

ബി. ജെ. പി ദേശീയ പ്രകടനപത്രികയുടെ മലയാളം പതിപ്പ് പുറത്തിറക്കി. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ മാനന്തവാടി ബിഷപ്പ് മാർ ജോസ് പൊരുന്നേടത്തിന് നൽകിയാണ് പത്രിക പ്രകാശനം ചെയ്തത്.

**$$$$$$$$$$$$$$$$$**

**പക്ഷിപ്പനി**

പക്ഷിപ്പനി നേരിടുന്നതിൽ ജാഗ്രതയോടെയുള്ള നടപടി തുടരുമെന്ന് മന്ത്രി ജെ.ചിഞ്ചുറാണി. വളർത്തുപക്ഷികളെ നഷ്ടപ്പെട്ടവർക്കും ഒഴിവാക്കലിന്റെ ഭാഗമായി നശിപ്പിക്കപ്പെട്ട

RNU TVPM

പക്ഷികൾക്കും നഷ്ടപരിഹാരം നല്കുമെന്നും ഇതിനായി അവലോകന നടപടികൾ പുരോഗമിക്കുകയാണെന്നും മന്ത്രി അറിയിച്ചു.

**$$$$$$$$$$$$$$$$$$**

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിന് 223 റൺസ് വിജയലക്ഷ്യം. ആദ്യം ബാറ്റ് ചെയ്ത കൊൽക്കത്ത 20 ഓവറിൽ 6 വിക്കറ്റ് നഷ്ടത്തിൽ 222 റൺസെടുത്തു. ഇന്നത്തെ രണ്ടാം മത്സരത്തിൽ, രാത്രി 7.30 ന് പഞ്ചാബ് കിംഗ്സ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

**$$$$$$$$$$$$$$$$$$**

**ശ്രീ പത്മനാഭ ക്ഷേത്രം**

തിരുവനന്തപുരം ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തിനോടനുബന്ധിച്ചുള്ള ആറാട്ട് ചടങ്ങുകൾ പുരോഗമിക്കുന്നു. ശ്രീകോവിലിൽ ദീപാരാധനയ്ക്കുശേഷം ഗരുഡ വാഹനത്തിൽ ശ്രീപദ്മനാഭനെയും നരസിംഹ മൂർത്തിയെയും ശ്രീകൃഷ്ണസ്വാമിയെയും പുറത്തെഴുന്ന ള്ളിക്കുന്നതോടെയാണ് ആറാട്ട് ഘോഷയാത്രയ്ക്ക് തുടക്കമായത്. വള്ളക്കടവിൽ നിന്ന് വിമാനത്താവളത്തിനുള്ളിലൂടെ ഘോഷയാത്ര ശംഖുംമുഖത്തെത്തും. എഴുന്നള്ളത്ത് ക്ഷേത്രത്തിൽ മടങ്ങിയെത്തുന്നതോടെ പൈങ്കുനി ഉത്സവത്തിന് കൊടിയിറങ്ങും. നാളെ ആറാട്ട് കലശം നടക്കും.

**$$$$$$$$$$$$$$$$$$**

RNU TVPM

***പുഷ്പമേള (ഇൻട്രോ)***

***പൂക്കളുടെ കാഴ്ചവിരുന്നൊരുക്കുന്ന 16-ാമത് തേക്കടി പുഷ്പമേളയിൽ സന്ദർശക പ്രവാഹം. മാർച്ച് 27 ന് ആരംഭിച്ച പുഷ്പമേള കാണാൻ ഇതിനോടകം പതിനായിരങ്ങളാണ് എത്തിയത്.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ .***

***(വോയിസ്)***

**$$$$$$$$$$$$$$$$$**

**കൊച്ചി വാട്ടർ മെട്രോ**

കൊച്ചി വാട്ടർ മെട്രോ ഫോർട്ട് കൊച്ചിയിലേക്ക് സർവ്വീസ് ആരംഭിച്ചു. കൊച്ചിൻ ഷിപ്പ് യാർഡ് കൈമാറിയ 14-ാമത്തെ ബോട്ടിന്റെ ടിക്കറ്റിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ ട്രയൽ റൺ കഴിഞ്ഞ ദിവസം പൂർത്തിയായതോടെയാണ് ഫോർട്ട് കൊച്ചി ടെർമിനലിൽ നിന്ന് സർവ്വീസ് ആരംഭിച്ചത്. ഹൈക്കോർട്ട് ജംഗ്ഷൻ ടെർമിനലിൽ നിന്ന് ഫോർട്ട് കൊച്ചിയിലേക്ക് 40 രൂപയാണ് ടിക്കറ്റ് നിരക്ക്. 20 മുതൽ 30 മിനിറ്റ് ഇടവേളകളിൽ ഈ റൂട്ടിൽ സർവ്വീസ് നടത്തും.

RIJU TVPM

**$$$$$$$$$$$$$$$$$**

**കള്ളവോട്ട് പരാതി**

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ മരിച്ചയാളുടെ പേരിൽ വീട്ടിൽ വോട്ട് ചെയ്തെന്ന പരാതിയിൽ മൂന്നു പേരെ ജില്ലാ കളക്ടർ സസ്പെൻഡ് ചെയ്തു. രണ്ട് പോളിംഗ് ഓഫീസർമാർക്കും ഒരു ബി.എൽ.ഒ ക്കുമെതിരെയാണ് നടപടി. വോട്ട് അസാധുവായി കണക്കാക്കുമെന്നും അതിന് ആവശ്യമായ റിപ്പോർട്ട് തിരഞ്ഞെടുപ്പ് കമ്മീഷന് നൽകുമെന്നും കളക്ടർ അറിയിച്ചു.

**$$$$$$$$$$$$$$$$$$$$$$$$$$$$**